അബ്ദുർറഹ്മാൻ തുറക്കൽ



# ചെറുതിന്മകളുടെ പെരുപ്പം സൂക്ഷിക്കുക

عَنْ سَعْدُ بْن جُنَادَة رَضِي الله عَنْهُ قَالَ: لَمَّا فَرَغَ رَسُولُ الله ﷺ مِنْ حُنَيْنٍ، نَزَلْنَا قَفَرًا مِنَ الأَرْضِ، لَيْسَ فِيهِ شَيْءٌ. فَقَالَ النَّبِيُّ ﷺ إجْمَعُوا، مَنْ وَجَدَ شَيْئًا فَلْيَأْتِ بِهِ، وَمَنْ وَجَدَ عَظْمًا أَوْ سِنًّا فَلْيَأْتِ بِهِ. قَالَ فَمَا كَانَ إِلاَّ سَاعَةً حَتَّى جَعَلْنَاهُ رُكَامًا. فَقَالَ النَّبِيُّ ﷺ أَتَرَوْنَ هَذَا، فَكَذَلِكَ تُجْمَعُ الذُّنُوبُ عَلَى الرَّجُلِ مِنْكُمْ كَمَا جَمَعْتُمْ هَذَا. فَلْيَتَّقِ اللهَ رَجُلٌ، فَلاَ يَذْنِبُ صَغِيرَةً وَلاَ كَبِيرَةً فَإِنَّهَا مُحْصَاةٌ عَلَيْهِ (طبراني)

**സഅ്ദുബ്നു ജുനാദ(റ)യിൽനിന്ന്: അദ്ദേഹം പറഞ്ഞു: 'ഹുനൈൻ യുദ്ധം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഞങ്ങൾ വിജനമായ ഒരു സ്ഥലത്ത് ഇറങ്ങിത്താമസിച്ചു. അപ്പോൾ നബി (സ) പറഞ്ഞു: ''നിങ്ങൾ ആരെങ്കിലും വല്ലതും കണ്ടാൽ അതിവിടെ ഒരുമിച്ചുകൂട്ടുക. എല്ല് അല്ലെങ്കിൽ പല്ല് ആണ് കാണുന്നതെങ്കിൽ അതും കൊണ്ടുവരട്ടെ.'' മണിക്കൂറുകളായില്ല, അപ്പോഴേക്കും ഒരുമിച്ചുകൂട്ടിയ വസ്തുക്കൾ കുന്നുപോലെ ആയിത്തീർന്നു. അപ്പോൾ നബി(സ) പറഞ്ഞു: ''നിങ്ങളിത് കാണുന്നില്ലേ? നിങ്ങൾ ഈ ഒരുമിച്ചുകൂട്ടിയതുപോലെ നിങ്ങളുടെ ഒരോരുത്തരുടെയും പാപങ്ങൾ ഒരുമിച്ചുകൂട്ടപ്പെടും. അതിനാൽ ചെറുതോ വലുതോ ആയ പാപങ്ങൾ ചെയ്യാതെ ഒരോരുത്തരും അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അത് അവന്റെ കണക്കിൽ രേഖപ്പെടുത്തുന്നതാണ്'' (ത്വബ്റാനി).**

വലുതും ചെറുതുമായ പാപങ്ങളിൽനിന്ന് ഒരുപോലെ വിശ്വാസികൾ അകന്നുനിൽക്കേണ്ടതുണ്ടെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു ഉദാഹരണത്തിലൂടെ ഉണർത്തുകയാണ് മുകളിലുദ്ധരിച്ച ഹദീസ്. അപ്പോഴേ ആർക്കും ജീവിതവിശുദ്ധി പൂർണമായും കൈവരിക്കാനാകൂ. ചെറിയ കുറ്റങ്ങളെ നിസ്സാരമായി കാണൽ മുഴുവൻ നന്മകളെയും ഇല്ലാതാക്കും. വലുതും ചെറുതുമായ മുഴുവൻ കർമങ്ങളും പരലോകത്ത് വിചാരണക്ക് വിധേയമാക്കുമെന്നും അതിന് പ്രതിഫലം നൽകുമെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ''ആർ ഒരണുത്തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരണുത്തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും'' (സൂറഃ സൽസല:7,8). വലിയ കുറ്റങ്ങളിലകപ്പെടാതിരിക്കാൻ കാണിക്കുന്ന ശ്രദ്ധയും പേടിയും ചെറിയ കുറ്റങ്ങളുടെ കാര്യത്തിലും വിശ്വാസികൾക്ക് എപ്പോഴും ഉണ്ടാകേണ്ടതുണ്ട്. ചെറിയ പാപങ്ങൾ മനുഷ്യനിൽ അടിഞ്ഞുകൂടിയാൽ അതവനിലെ മുഴുവൻ നന്മകളും ക്രമേണ ഇല്ലാതാക്കും. മറ്റൊരു ഹദീസിലിങ്ങനെ കാണാം. ''നിങ്ങൾ ചെറിയ പാപങ്ങളെ സൂക്ഷിക്കുക. അവ ഒരു മനുഷ്യനിൽ ഒരുമിച്ചുകൂടിയാൽ അതവനെ നാശത്തിലകപ്പെടുത്തുന്നതാണ്. (അഹ്മദ്).

ചെറിയ പാപങ്ങൾ ഒരുമിച്ചു കൂടി പാപങ്ങളുടെ കൂമ്പാരമായിത്തീരും. അത് ഐഹികവും പാരത്രികവുമായ ലോകത്ത് നാശമുണ്ടാക്കും. തീപ്പൊരികളിൽ നിന്ന് വൻ അഗ്നിബാധയുണ്ടാകുന്നതു പോലെ ജീവിതത്തിലെ നന്മകളെ കത്തിച്ചാമ്പലാക്കും. പിശാചിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളാണ് നിസ്സാരമായി കാണുന്ന ചെറിയ പാപങ്ങൾ. ഇക്കാര്യം തിരിച്ചറിയപ്പെടേണ്ടതുണ്ട്. പിശാചിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളിൽനിന്ന് അകന്നുനിൽക്കാൻ പ്രവാചകൻ (സ) പ്രത്യേകം ഉണർത്തിയിട്ടുണ്ട്. ഹജ്ജത്തുൽ വിദാഇൽ നടത്തിയ പ്രസംഗത്തിൽ പ്രവാചകൻ പറഞ്ഞു: ''നിങ്ങളുടെ ഈ ഭൂമിയിൽ ഒരിക്കലും ഞാൻ ആരാധിക്കപ്പെടുകയില്ലല്ലോ എന്നതിൽ പിശാചിന് വലിയ നിരാശയുണ്ട്. അതല്ലാത്ത കാര്യങ്ങളിൽ നിങ്ങൾ അവനെ അനുസരിക്കുകയാണെങ്കിൽ അതുമതി. നിങ്ങൾ നിസ്സാരമായി കരുതുന്ന കാര്യങ്ങൾ അവനെ സന്തോഷിപ്പിക്കുന്നു. നിങ്ങൾ ദീനിന്റെ കാര്യത്തിൽ അവനെ സൂക്ഷിക്കുക.''

പ്രവാചകന്റെ മുന്നറിയിപ്പ് ഗൗരവത്തിൽ കാണേണ്ടതുണ്ട്. ചെറിയ പാപങ്ങളെ നിസ്സാരമായി കാണൽ വലിയ കുറ്റങ്ങളിലേക്ക് നയിക്കുമെന്ന് പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. പരദൂഷണം, ഏഷണി, കളവ് പറയുക, പരിഹാസം, വ്യാജപ്രചാരണം തുടങ്ങിയവ പുതിയ രൂപത്തിലും ഭാവത്തിലും സമൂഹത്തിൽ വ്യാപകമായ ഈ കാലത്ത് വിശേഷിച്ചും. വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ടിറ്റർ പോലുള്ള നവസാമൂഹിക മാധ്യമങ്ങളിൽ പലപ്പോഴും ഇവ നിറഞ്ഞുനിൽക്കുന്നു. പലരും അറിഞ്ഞും അറിയാതെയും ലാഘവത്തോടെ ഇത്തരം കുറ്റകൃത്യങ്ങളുടെ വാഹകരും പ്രചാരകരുമാകുന്നു. ചിലതെല്ലാം സമൂഹത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ഐഹികലോകത്തും പരലോകത്തുമുണ്ടാക്കുന്ന അനന്തരഫലം പരിഗണിക്കാതെ കുറ്റങ്ങളെ നിസ്സാരമായി കാണലാണ് ഏറ്റവും വലിയ അപകടം. അത് പിശാചിനെ സന്തോഷിപ്പിക്കുന്നുവെന്നും തിരിച്ചറിയണം. ചിതലരിച്ച് വടവൃക്ഷം നിലംപൊത്തുന്ന പോലെ നിസ്സാരമായി കണക്കാക്കുന്ന ചെറിയ പാപങ്ങൾ പരലോകത്ത് മനുഷ്യന്റെ മുഴുവൻ കർമങ്ങളെയും നിഷ്ഫലമാക്കുമെന്നറിയുക. ●